## അഴീക്കൽ റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്ക്കൂളിന് കെട്ടിടം നിർമ്മിക്കാൻ നടപടി

110 [299] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ അഴീക്കൽ റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്ക്കൂളിന്റെ അപര്യാപ്തതകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സർക്കാർ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത സ്ക്കൂളിന് അനക്സ് കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ കെട്ടിട നിർമ്മാണത്തിന് സർക്കാർ അടിയന്തിര നടപടികൾ കൈക്കൊള്ളുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) ശുദ്ധജലം, സാനിട്ടേഷൻ എന്നിവ അപര്യാപ്തമായതിനാൽ ആയത് പരിഹരിക്കുന്നതിനായി 3.10 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) 30-3-2000-ലെ G.O. (Rt.) 151/00/F&P.D. ഉത്തരവ് പ്രകാരം അഴീക്കൽ ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്ക്കൂളിന് അനക്സ് കെട്ടിടം നിർമ്മാണത്തിനുവേണ്ടി 33.30 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ പണി പൂർത്തീകരിച്ച് ഉദ്ഘാടനം 5-11-2004-ൽ നടത്തി.

## വിഴിഞ്ഞം മത്സ്യബന്ധന തുറമുഖം

111 [300] ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം മത്സ്യബന്ധന തുറമുഖത്തിന്റെ ശേഷിക്കുന്ന പണി പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യുന്നതിന് എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) വിഴിഞ്ഞം മത്സ്യബന്ധന തുറമുഖം എന്നേക്ക് കമ്മീഷൻ ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?



LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ ആന്റ് ബി) വിഴിഞ്ഞം മത്സ്യബന്ധന തുറമുഖ പദ്ധതിയുടെ നിർമ്മാണത്തിനായി 13.85 ഹെക്ടർ സ്ഥലം ആവശ്യമുള്ളതിൽ 2.1227 ഹെക്ടർ സ്ഥലം ഇനിയും ലഭിക്കുവാനുണ്ട്. ടി പദ്ധതിയുടെ പൂർത്തീകരണത്തിന് ആവശ്യമായ കുടിയൊഴിപ്പിക്കലും പുനരധിവാസവും സംബന്ധിച്ച് 2005 ജനുവരിയിൽ ഫിഷറീസ് വകുപ്പുമന്ത്രി പ്രാദേശിക പ്രതിനിധികളുമായും ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുമായും ചർച്ച നടത്തി തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. ഫിഷിംഗ് ഹാർബർ നിർമ്മാണത്തിലെ പ്രധാന ഘടകമായ മണ്ണുമാന്തൽ നടത്തേണ്ട സ്ഥലത്തുള്ള 'ഖബർ' യഥാസമയം മാറ്റാനായാൽ ഒരു വർഷംകൊണ്ട് പണി പൂർത്തിയാക്കി വിഴിഞ്ഞം മത്സ്യബന്ധന തുറമുഖം പ്രവർത്തനക്ഷമമാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

നബാർഡിന്റെ സഹായത്തോടെയുള്ള തുറമുഖ വികസനം

112 [301] ശ്രീ. വർക്കല കഹാർ:

,, സി. പി. മുഹമ്മദ്:

,, കെ. സുധാകരൻ:

,, വി. ഡി. സതീശൻ:

,, കെ. ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മത്സ്യബന്ധന തുറമുഖങ്ങൾ പരിഷ്ക്കരിക്കുന്നതിനും വികസിപ്പിക്കുന്നതിനും നബാർഡിന്റെ സഹായം തേടിയിട്ടുണ്ടോ;

(ബി) എങ്കിൽ നബാർഡിൽ നിന്നും ഈ ഇനത്തിൽ എന്തു തുക ലഭിക്കും;

(സി) ഈ തുക കൊണ്ട് ഏതെല്ലാം മത്സ്യബന്ധന തുറമുഖങ്ങൾ വികസിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) ഇതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) മത്സ്യബന്ധന തുറമുഖങ്ങൾക്ക് 50 കോടി രൂപയുടെ സാമ്പത്തിക സഹായം തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്.

(സി) ടി തുക കൊണ്ട് നീണ്ടകര, പൊന്നാനി, തങ്കശ്ശേരി, തോട്ടപ്പള്ളി, ബേപ്പൂർ, അഴീക്കൽ തുടങ്ങിയ മത്സ്യബന്ധന തുറമുഖങ്ങളുടെ വികസനമാണ് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly